ക്ഷോപവും ഉണ്ടായില്ല. അതുകൊണ്ട് അനുവദിച്ചതുമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ദോഷമില്ലെങ്കിൽ ഈ ചിറയുടെ ആവശ്യമില്ലെന്നല്ലേ വരുന്നത്?

മിസ്റ്റർ ഐ. രാമൻമേനോൻ.—അങ്ങിനെ ഇല്ല.

Cherunnipadom Chira in Maradu Panchayat.

409. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ കാണുന്ന ചോദ്യത്തിനു് ഗവർമ്മെണ്ടു് ദയവായി മറുപടി പറയാമൊ.—

(a) മരട പഞ്ചായത്തിൽ പെട്ട ചെറുണ്ണിപ്പാടം ചിറയുടെ ഉപയോഗം എതെല്ലാം പാടത്തേക്കാണെന്നും എത്ര ഏക്കർ സ്ഥലത്തിനു ഉപയോഗമുണ്ടെന്നും പറയാമൊ;

(b) ടി ചിറക്കു് ഫ്രാഞ്ചർ-ൽ അനുവദിച്ചിരുന്ന ഫ,൦൦൦ക. എന്തിലേക്കു ചിലവിട്ടുവെന്നും അതുടെ കല്പനപ്രകാരമെന്നും ടി കല്പനയുടെ തിയ്യതി എന്താണെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(a) ടി ചിറ കുമ്പളം ദേശത്തു മടത്തിപ്പാടം മുതൽ തെക്കോട്ടുള്ള ഒല്ലരിക്കാട്ടപാടം നിലങ്ങളുടേയും, പടിവട്ടം മുതൽ വടക്കോട്ടുള്ള ചെറുവള്ളിപ്പാടം നിലങ്ങളുടേയും ഉപയോഗത്തിനാണ്. ടി ചിറകൊണ്ടു് ഏകദേശം ൨൦൦ ഏക്കർ സ്ഥലത്തോളം നിലങ്ങൾക്കു ഉപയോഗമുണ്ടു്.

(b) ടി ചിറക്കു് ഫ്രാഞ്ചർ-ൽ അനുവദിച്ച ൯,൦൦൦ക. ദിവാൻജി അവർകളുടെ ഫൻഡൻ ആഗസ്റ്റ് ഫ്രാ-ാംനു-ത്തെ ഉത്തരവോടുകൂടി വേറെ പണികൾക്കു വകമാറി ചിലവുചെയ്തിട്ടുണ്ട്. ചിലവുചെയ്തിട്ടുള്ളതിന്റെ എനവി വരവും മറ്റും താഴെ ചേർക്കുന്നു.

വിൽവട്ടം പഞ്ചായത്തിൽപെട്ട തിരുവോണപുരം ചിറ പണി വകയ്ക്കു് ക. ൧൦ഫ—൦—൦.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—൨൦൦ ഏക്കർ സ്ഥലത്തോളം നിലങ്ങൾക്കു് ഈ ചിറകൊണ്ടു് ഗുണമുണ്ടെന്നു പറയുന്നു. ഈ ചിറയ്ക്കനുവദിച്ചിരുന്ന സംഖ്യ വേറെ വിഷയത്തിൽ ചിലവാക്കിയതുകൊണ്ടു് ഈ ൨൦൦ ഏക്കറിൽ പെട്ട യാതൊരു നിലങ്ങൾക്കും ദോഷമുണ്ടായിട്ടില്ലെന്നാണൊ പറയുന്നതു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—കൽക്കെട്ടു കെട്ടണമെന്നായിരുന്നു. അതിനാണു് ബഡ്ജറ്റിൽ കൂടുതൽ സംഖ്യ അനുവദിച്ചതു്. കൽക്കെട്ടായാൽ കൂടുതൽ സൗകര്യമുണ്ടാകും.

Cleaning of the Kuttankulam in Irinjalakkuda.

410. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ എഴുതുന്ന ചോദ്യത്തിനു ഗവർമ്മെണ്ടു ദയവായി മറുപടി പറയാമൊ.—

(ക) ഇരിങ്ങാലക്കുട കുട്ടൻകുളം നന്നാക്കുന്നതിനു് ഫ്രാഞ്ചർ-ൽ അനുവദിക്കപ്പെട്ട ന,൨൫൦ക. എതുപ്രകാരം ഉപയോഗിച്ചുവെന്നും;

(ഖ) അതിനുള്ള പ്രത്യേക കാരണമെന്താണെന്നും ഗവർമ്മെണ്ടു ദയവായി പറയാമൊ;

(ഗ) ടി പണിയെപ്പറ്റി ഹജൂർ ഉത്തരവു് എന്താണെന്നും എന്നാണെന്നും;

(ഘ) ടി സംഖ്യ വകമാറി ഉപയോഗിപ്പാനുണ്ടായ ഉത്തരവു് എന്നാണെന്നും പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഐ. രാമൻമേനോൻ.—(ഉ) ടി സംഖ്യകൊണ്ടു ചിലവുചെയ്തിട്ടുള്ള പണികളുടെ ഇനവിവരം കൌൺസിൽ മേശപ്പുറത്തു വെച്ചിട്ടുള്ള ലിസ്റ്റിൽ കൊടുത്തിട്ടുണ്ടു്.

(ഒ) ഫാമിൽ വർഷം കാലെ ആരംഭിച്ചതിനാൽ ടി കുളത്തിൽ യാതൊരു പണിയും നടത്തുവാൻ സാധിക്കാഞ്ഞതിനാലും ടി കുളം സുമാർ രണ്ടു കൊല്ലത്തിനുള്ളിൽ മുമ്പു് വളരെ പണം ചിലവുചെയ്തു് വെട്ടി നന്നാക്കീട്ടുള്ളതുകൊണ്ടും വീണ്ടും അതേപണികൂടെ വലുതായ ഒരു സംഖ്യ ചിലവുചെയ്യുന്നതു യുക്തമല്ലെന്നു ഗവൺമെണ്ടിനു തോന്നുകയാലും.

(ങ) കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്ന ഫാമിൽ സി. ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ഫസ്റ്റ് ഡിവിഷൻ ഈ തിയ്യതികളിൽ ഉണ്ടായ മിവാൻജി അവർകളുടെ ഉത്തരവുകളുടെ പകർപ്പുകൾ നോക്കുക.

(ര) ഫസ്റ്റ് ഡിവിഷൻ ഓവർസിയർ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ കൂട്ടൻകുളം നന്നാക്കുന്നതിനുള്ള സംഖ്യ ബഡ്ജറ്റിൽ ചേർത്തതു് ആവശ്യമുണ്ടായിട്ടോ ഇല്ലാഞ്ഞിട്ടോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ആ പണം ചിലവാക്കിയ ഇനങ്ങൾ ഇന്നതെല്ലാമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—"ടി കുളം സുമാർ 5 കൊല്ലങ്ങൾക്കു മുമ്പു് വളരെ പണം ചിലവുചെയ്തു് വെട്ടി നന്നാക്കിയിട്ടുള്ളതുകൊണ്ടും അതേ പണിക്കു് വലുതായ ഒരു സംഖ്യ ചിലവുചെയ്യുന്നതു് യുക്തമല്ലെന്നു ഗവൺമെണ്ടിനു തോന്നുകയാലും" എന്നു പറഞ്ഞിട്ടുണ്ടു്. ഒരു പണി നടത്തുവാൻ ഈ സംഖ്യ ബഡ്ജറ്റിൽ പെടുത്താൻ കാരണമെന്താണു്?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതു നന്നാക്കേണ്ടതാണെന്നു ആദ്യം തോന്നി. പിന്നീടു് രണ്ടാമതും ഒന്നുകൂടി അന്വേഷണം നടത്തിയപ്പോൾ ആ പണിക്കു പണം ചിലവാക്കിയിട്ടു കാര്യമില്ലെന്നു ബോധ്യമായി.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—നല്ലവണ്ണം അന്വേഷണം നടത്തിയിട്ടു വേണ്ടേ ബഡ്ജറ്റിൽ പണം ചേർക്കാൻ?

മിസ്റ്റർ. ഐ. രാമൻ മേനോൻ.—ആദ്യം ചില ഫർജികൾ ഉണ്ടായിരുന്നു.

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—ആദ്യമേ വേണ്ടതുപോലെ അന്വേഷണം നടത്തിയില്ല എന്നല്ലേ പറയുന്നതിന്റെ അർത്ഥം?

പ്രസിഡെണ്ടു്.—ആദ്യം ഒന്നു അന്വേഷിച്ചു. പിന്നീടു കൂടുതലായ അന്വേഷണം നടത്തി.

Construction of the Kodakara-Vellikulangara Road.

411. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ പറയുന്ന ചോദ്യത്തിന്നു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(a) കൊടകര-വെള്ളികുളങ്ങര വെട്ടുവഴി വളരെ ഉപയോഗമുള്ളതാണെന്നും ഉടനെ വഴി പൂർത്തിയാക്കാമെന്നും ഗവൺമെണ്ടു പറഞ്ഞതായി ഓർമ്മയുണ്ടോ;

(b) ടി പണി വിഷയം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ.—(a) ഉണ്ടു്.

(b) ചുങ്കാൽ തണ്ണീർപന്തൽ മുതൽ വെള്ളികുളങ്ങരെ തോട്ടുവരെയുള്ള വഴിയുടെ പണി വരുന്ന കൊല്ലം ചെയ്യേണ്ടതിലേക്കു ആ ഭാഗത്തിന്നുള്ള അടങ്കൽ തയ്യാറാക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly